(ഇ) എങ്കിൽ ഇത്തരം കാലതാമസം ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിഗണനയിൽ ഉണ്ട്.

(ബി) 1999-2000 വാർഷിക പദ്ധതി വിഹിതം പൂർണ്ണമായി വിനിയോഗിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനമായി പ്രത്യേക ധനസഹായം നൽകുന്നതിന് ആലോചിക്കുന്നുണ്ട്.

(സി) മൂന്നാം വാർഷിക പദ്ധതിയുടെ ഒന്നാം ഗഡു 1999 ജൂൺ 21 മുതൽ വിതരണം ചെയ്തു തുടങ്ങിയിരുന്നു.

(ഡി) കാലതാമസം ഒഴിവാക്കുന്നുണ്ട്.

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ബന്ധപ്പെട്ട ജില്ലാ ആസൂത്രണ സമിതികൾ അംഗീകരിക്കുന്ന മുറയ്ക്ക് പദ്ധതി വിഹിതം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുന്നുണ്ട്.

99 (2255) ജനകീയാസൂത്രണത്തിലെ ജനപങ്കാളിത്തം

ശ്രീ. എ.സി. ഷൺമുഖദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണത്തിൽ ഉൾപ്പെടുത്തി നടത്തിയ പ്രവർത്തികളിലുണ്ടായ ജനകീയപങ്കാളിത്തം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ 1998-99 പദ്ധതി വർഷത്തിൽ എത്ര കോടി രൂപയുടെ ജനപങ്കാളിത്തം ലഭ്യമായിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നറിയിക്കുമോ?

ഉത്തരം

(എ) ജനകീയാസൂത്രണത്തിൽ ജനകീയ പങ്കാളിത്തത്തെക്കുറിച്ച് ചില പഠനങ്ങൾ ഗവേഷണ സ്ഥാപനങ്ങളിലെ ഗവേഷകർ ഏറ്റെടുത്തിട്ടുണ്ട്.

(ബി) 1998-99 വാർഷിക പദ്ധതിയിൽ ഉണ്ടായിട്ടുള്ള ജനപങ്കാളിത്തം എത്രയെന്ന് നിജപ്പെടുത്തിയിട്ടില്ല.

100 (2256) പഞ്ചായത്ത് രാജ് ഭരണഘടനാ ഭേദഗതി

ശ്രീ. പി. രാഘവൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എം. ദാസൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് രാജ് ഭരണഘടനാ ഭേദഗതിക്കായി കേന്ദ്ര സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചതായി സംസ്ഥാന സർക്കാരിന് അറിവുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly